## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2175 — 17.06.2014 ലെ മറുപടിയ്ക്ക്

## ലോട്ടറി വകുപ്പിലെ ഇ-പെയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ് ;<br>ശ്രീ. പാലോട് രവി ;<br>ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. പി. എ. മാധവൻ ; | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ലോട്ടറി വകുപ്പിൽ ഇ-പേയ്മെൻറ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇ-പേയ്മെന്റ് സംവിധാനം തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ 2013 മെയ് മാസംമുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ലോട്ടറി ഏജന്റുമാർക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; | (ബി) | പതിനായിരം രൂപയിൽ കൂടുതൽ തുകയ്ക്കുള്ള ടിക്കറ്റുകൾ വാങ്ങുന്ന ഏജന്റുമാർക്ക് അതാത് ജില്ലകളിലെ SBT ശാഖകളിൽ പണം ഒടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ഭാഗ്യക്കുറി ടിക്കറ്റുകൾ വാങ്ങാവുന്നതാണ്. |
| (സി) | ഏതെല്ലാം ബാങ്കുകളാണ് ഈ സംരംഭവുമായി സഹകരിക്കുന്നത് ; വിശദമാക്കാമോ; | (സി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറാണ് ഈ സേവനം ലഭ്യമാക്കുന്നത്. |
| (ഡി) | എല്ലാ ജില്ലകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | എല്ലാ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരും SBT-യിൽ അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്. ഏജന്റുമാരുടെ പക്കൽ നിന്നും കമ്മീഷനായി ബാങ്ക് ഈടാക്കേണ്ട തുകയെക്കുറിച്ച് അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് സംസ്ഥാന വ്യാപകമായി ഈ പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കാനാകും. |

സെക്ഷൻ ഓഫീസർ.